**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോട്ടയ്ക്കൽ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധന - സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. നാദിർഷ കെ-യ്ക്കെതിരായ അച്ചടക്കനടപടി- അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1224/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 30.04.2018

പരാമർശം :
1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.10.2014 തീയതിയിലെ ഇ 10(എസ്.സി 93/2013/MPM) 35780/2013 നം. കത്ത്
2. സർക്കാരിന്റെ 08.07.2015 തീയതിയിലെ ഇയു2/239/15/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. ശ്രീ. നാദിർഷ കെ സമർപ്പിച്ച 25.08.2015 തീയതിയിലെ പ്രതിവാദപത്രിക.
4. നഗരകാര്യഡയറക്ടറുടെ 02.09.2017 തീയതിയിലെ വി2-16418/2015 നമ്പർ കത്ത്

## ഉത്തരവ്

കോട്ടയ്ക്കൽ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി നഗരസഭയിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. നാദിർഷ കെ-യ്ക്കെതിരെ പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണമെമ്മോ നൽകിയിരുന്നു. ആയതിന് ശ്രീ. നാദിർഷ പരാമർശം 3 പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചിട്ടുണ്ട്.

2. ശ്രീ. നാദിർഷ കെ സമർപ്പിച്ച പ്രതിവാദപത്രിക വിശദമായി പരിശോധിച്ചു. ശ്രീ. നാദിർഷയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് KCS (CC&A) Rule 15 പ്രകാരമാണ് എന്നതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ ശ്രീ. നാദിർഷ കെ-യ്ക്കെതിരെ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് ജോയിന്റ് ഡയറക്ടർ(ഇൻ ചാർജ്) നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, കോഴിക്കോട് മേഖല ഓഫീസ് }(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. നാദിർഷ കെ, സെക്ഷൻ ക്ലാർക്ക്, കോട്ടയ്ക്കൽ നഗരസഭ }

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ